18/11/2019

**പത്രക്കുറിപ്പ്**

# കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ

## രജിസ്ട്രേഷൻ തീയതി ദീർഘിപ്പിച്ചു

മൺപാത്ര ഉല്പന്ന നിർമ്മാണ വിപണന യൂണിറ്റുകളുടെ രജിസ്ട്രേഷൻ തീയതി 2019 ഡിസംബർ 15 വരെ ദീർഘിപ്പിച്ചു. തൊഴിൽ നൈപുണ്യ പരിശീലനം, ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, ആധുനികവൽക്കരണം, വിപണന സാധ്യതകളുടെ പരിപോഷണം എന്നിവ ലക്ഷ്യമാക്കി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ നടപ്പിലാക്കാനുദ്ദേശിക്കുന്ന തൊഴിൽ നൈപുണ്യ പരിശീലനം, അടിസ്ഥാന സൗകര്യ വികസനം, വിവിധ സ്രോതസുകളിൽ നിന്നുള്ള ധനസഹായവും സാങ്കേതിക സഹായവും പ്രയോജനപ്പെടുത്തികൊണ്ടുള്ള യന്ത്രവൽക്കരണം / പുത്തൻ വിപണന സംവിധാനങ്ങൾ എന്നിവ പ്രയോജനം ലഭ്യമാക്കുന്നതിനായാണ് രജിസ്ട്രേഷൻ നട പടികൾ നടത്തുന്നത്. നിലവിൽ നിർമ്മാണ വിപണന മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തിഗത യൂണിറ്റുകൾക്കും പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങൾക്കും സഹകരണ / ചാരിറ്റബിൾ സൊസൈറ്റികൾക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. അപേക്ഷാഫോറം www.keralapottery.org എന്ന കോർപ്പറേഷന്റെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം 2019 ഡിസംബർ 15-ാം തീയതിക്കകം മാനേജിംഗ് ഡയറക്ടർ കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ, രണ്ടാംനില, അയ്യങ്കാളിഭവൻ, കവടിയാർ പി.ഒ., കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം-695003 എന്ന മേൽവിലാസത്തിൽ ലഭിച്ചിരി ക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471-2727010, 9947038770 എന്നീ ഫോൺ നമ്പരുക ളിൽ ബന്ധപ്പെടാവുന്നതാണ്.

മാനേജിംഗ് ഡയറക്ടർ